പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5691

05/07/2013-ൽ
മറുപടിയ്ക്ക്

'ഫ്ളെയർ' പദ്ധതി

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ് :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് 'ഫ്ളെയർ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ ? | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എക്സലൻസ് പ്രമോഷൻ സ്കീം, ഇന്നവേഷൻ പ്രമോഷൻ സ്കീം എന്നീ പദ്ധതികൾ ഉൾപ്പെടുത്തി ഫ്ളെയർ പദ്ധതി തുടക്കം കുറിച്ചിട്ടുണ്ട്. അക്കാദമിക് എക്സലൻസ് പരിപോഷിപ്പിക്കുന്നതിലേക്കായി വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മികച്ച അന്താരാഷ്ട്ര ജേണൽ പ്രസിദ്ധീകരണങ്ങളേയും കണ്ടുപിടുത്തങ്ങൾ നടത്തി ലഭിച്ചിട്ടുള്ള പേറ്റന്റുകളേയും പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് എക്സലൻസ് പ്രമോഷൻ സ്കീം. വിദ്യാർത്ഥികൾ തയ്യാറാക്കുന്ന വ്യാവസായിക പ്രാധാന്യമുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇന്നവേഷൻ പ്രമോഷൻ സ്കീം. കൂടാതെ അദ്ധ്യാപക പരിശീലനവും ഇതോടൊപ്പം നടത്താൻ ഉദ്ദേശിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി കോർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. അദ്ധ്യാപക പരിപാടികൾക്ക് നേതൃത്വം നൽകുന്നതിന് മുൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പ്രൊഫസർ എൻ.ജെ.റാവുവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകർക്ക് രാജ്യത്തെ പ്രമുഖ സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പരിശീലനം നൽകുന്നതിന്റെ ഭാഗമായുള്ള പ്രാരംഭ ചർച്ചകൾ ഭാരത സർക്കാർ മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥരുമായി ന്യൂഡൽഹിയിൽ നടന്നു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ